*⇨ വിഴുപ്പ് എന്ന് പറയുന്നത് ഇക്കാലത്ത് ഏറ്റവും മൂല്യമുള്ള വസ്തുവാണ് ⇨*

**വാസ്തവത്തിൽ** ആ പരാമർശങ്ങളിലൊന്നും വർഗ്ഗീയതയോ വംശീയതയോ ഒട്ടുംതന്നെയില്ലായിരുന്നു. എല്ലാം തീർത്തും സദുദ്ദേശത്തോടെയായിരുന്നു താനും. പക്ഷേ, ആരും അത് തിരിച്ചറിഞ്ഞില്ലെന്നുമാത്രം. അല്ലെങ്കിലും ഇഷ്ടമില്ലാത്തൊരച്ചി തൊട്ടതെല്ലാം കുറ്റമാണല്ലോ.

കോഴിക്കോട് നടന്ന മാൻഹോൾ ദുരന്തത്തെപ്പറ്റിയുള്ള വെള്ളാപ്പള്ളി നടേശന്റെ പ്രതികരണം പലരിലും തെറ്റിദ്ധാരണയുണ്ടാക്കി. മാൻഹോളിലെ ജോലിക്കിടെ അപകടത്തിൽപ്പെട്ട തൊഴിലാളികളെ രക്ഷിക്കാനായി ഓട്ടോറിക്ഷാ തൊഴിലാളിയായ നൗഷാദ് മേലും കീഴും ആലോചിക്കാതെ അതിലേക്കെടുത്തുചാടി ജീവൻ നഷ്ടപ്പെടുത്തിയതിലുള്ള ദുഃഖം രേഖപ്പെടുത്തുകയാണ് വെള്ളാപ്പള്ളി ചെയ്തത്. മുസ്ലീം സമുദായത്തിൽപ്പെട്ടയാളായതുകൊണ്ടാണ് നൗഷാദിന്റെ കുടുംബത്തിന് സർക്കാർ ഉടനടി സഹായധനം അനുവദിച്ചതെന്നും

# കുമ്മുന്ന മനങ്ങൾ

വിഴുപ്പിന്റെ ഘോഷയാത്രകളിൽ കൂടെക്കൂടുന്നവരെല്ലാം അനുയോജ്യ വ്യക്തിത്വങ്ങൾ തന്നെയാകുമെന്ന് വെള്ളാപ്പള്ളിയുടെയും കുമ്മനത്തിന്റെയും യാത്രകളിൽ പങ്കുചേർന്ന ചില മഹാന്മാർ നമുക്ക് മനസ്സിലാക്കിത്തരുന്നതായി

**■ എസ്. നാരായണൻ**

ഹിന്ദുവായിരുന്നെങ്കിൽ ഒരു ചില്ലിക്കാശുപോലും ഒരിടത്തുനിന്നുമുണ്ടാകില്ലെന്നും വെള്ളാപ്പള്ളി പ്രസംഗിച്ചത് മതവിദ്വേഷം കൊണ്ടൊന്നുമല്ല. അദ്ദേഹത്തിന്റെ വായിലൂടെ വന്നപ്പോൾ അതങ്ങിനെ ആയിപ്പോയെന്നേയുള്ളൂ. പൊന്നു കായ്ക്കുന്ന മരമാണ് മാലിന്യം എന്ന് ആ കുട്ടിക്ക് മനസ്സിലായില്ലല്ലോ എന്ന സങ്കടമാണ് വെള്ളാപ്പള്ളി മറ്റൊരു ഭാഷയിൽ പങ്കുവെച്ചത്. വിഴുപ്പ് എന്ന് പറയുന്നത് ഇക്കാലത്ത് ഏറ്റവും മൂല്യമുള്ള വസ്തുവാണ്. അത് ഒരിക്കലും ജീവൻ നഷ്ടപ്പെടാനുള്ള ഉപാധിയായിക്കൂടാ. പണത്തിനും പദവിക്കുംവേണ്ടി വിഴുപ്പിനെ എങ്ങിനെ ഉപയോഗിക്കാം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊണ്ടിരിക്കുന്ന ഒരു ആചാര്യസ്ഥാനീയനാണ് വെള്ളാപ്പള്ളി നടേശൻ. കള്ളുകച്ചവടത്തിൽനിന്നും പണം മാത്രമാണ് ലഭിക്കുന്നതെങ്കിൽ വിഴുപ്പിന്റെ ലോകത്തുനിന്നും പണവും പദവിയും ഒന്നിച്ചു ലഭിക്കുമെന്ന് കുറച്ചു വൈകിയാണെങ്കിലും തിരിച്ചറിഞ്ഞ ക്രാന്തദർശിയാണ് അദ്ദേഹം.

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണല്ലോ മാലിന്യ സംസ്കരണം. ഈ രംഗത്തുള്ള വെള്ളാപ്പള്ളി നടേശന്റെ സംഭാവനകളിലേക്ക് ആരെങ്കിലുമൊക്കെ ചൂട്ടുകത്തിച്ചിട്ടാണെങ്കിലും വെളിച്ചം വീശേണ്ടതാണ്. അദ്ദേഹം അബ്കാരി ബിസിനസിൽനിന്നും അവധിയെടുത്ത് എസ്.എൻ.ഡി.പി. നേതൃത്വം ഏറ്റെടുത്തപ്പോൾ നിലവിലുള്ള അവസ്ഥ വളരെ പരിതാപകരമായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന വിഴുപ്പുകളിൽ ഭൂരിഭാഗവും മൂല്യത്തെപ്പറ്റി ബോധമില്ലാത്ത അതിന്റെ സ്ഥാപകൻതന്നെ കുഴിച്ചുമൂടിക്കഴിഞ്ഞിരുന്നു. മാലിന്യങ്ങളുടെ വില മനസ്സിലായിട്ടില്ലാത്ത നാ

രായണഗുരു എന്ന സ്ഥാപകന്റെ ചെയ്തികൾ അവിടം കൊണ്ടും തീരുന്നതായിരുന്നില്ല. പേരിൽ ഗുരു എന്നുണ്ടായിരുന്നെങ്കിലും ബുദ്ധിയുടേയും വിവേകത്തിന്റേയും കാര്യത്തിൽ ആളൊരു ലഘുവായിരുന്നു. ജീവിച്ചിരുന്ന കാലത്തുള്ള ചെയ്തികൾ പോരാതെ അദ്ദേഹം കവിതകളിലായിട്ടും ശ്ലോകങ്ങളിലായിട്ടും മുദ്രാവാക്യം പോലുള്ള ചൊല്ലുകളിലായിട്ടും സമൂഹത്തിന് മുന്നോട്ടുപോകാനാവാത്ത അവസ്ഥ സൃഷ്ടിച്ചുവെച്ചിരുന്നു. സ്ഥാപകൻതന്നെ 'ജാതിചോദിക്കരുത്' എന്നും 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്നും പോലുള്ള അറുപിന്തിരിപ്പൻ എന്ന് പിൽക്കാല ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ചിന്തകളാൽ കുത്തിനിറച്ച ഒരു പ്രസ്ഥാനമായിരുന്നു വെള്ളാപ്പള്ളിയുടെ കൈയ്യിൽ കിട്ടുമ്പോൾ എസ്.എൻ.ഡി.പി. ഏതു കൊച്ചുകുട്ടികൾക്കു പോലും അറിയാവുന്ന 'ചെത്തുന്നവനെ നാറും' എന്നതുപോലുള്ള ബാലിശമായ പ്രസ്താവനകൾ നടത്തിയയാളെ ലഘു എന്നതിനു പകരം ഗുരു എന്നു വിളിച്ച തലമുറകളെ ഓർത്ത് വെള്ളാപ്പള്ളി നടേശന് പലപ്പോഴും കരമീശക്കു കീഴെ ചിരിപൊട്ടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്ഥാപകൻ വരുത്തിവെച്ച വിനകളെ തിരുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മുന്നിലുള്ള ആദ്യത്തെ വെല്ലുവിളി.

മാലിന്യമെന്നും വിഴുപ്പെന്നും പറഞ്ഞ് കുഴിച്ചുമൂടിയതിനെയെല്ലാം അദ്ദേഹത്തിന് ഖനനം ചെയ്ത് പുറത്തെടുക്കേണ്ടിവന്നു. 'ജാതി പറയണം' എന്ന് അദ്ദേഹം ധീരമായി ഉദ്ഘോഷിച്ചു. മതം ഒരു വിഴുപ്പല്ലെന്നും അനന്തകോടി സാധ്യതകൾ അതിൽ അന്തർലീനമായി കിടക്കുന്നുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടാണ് മതത്തിന്റെ അപാരസാദ്ധ്യതകളെ ടാപ്പ് ചെയ്ത് അധികാരത്തിലെത്തിയ ദേശീയ കക്ഷിയുമായി സന്ധി ചെയ്യാൻ അദ്ദേഹം തയ്യാറായത്. പല്ലും നഖവും മാത്രമല്ല വാളും ശൂലവും ഉപയോഗിച്ച് മതത്തെ വളർത്തുന്ന അമിത് ഷാ എന്ന മഹാപുരുഷനുമായി ചങ്ങാത്തം സ്ഥാപിച്ചു. എടുപ്പിലും നടപ്പിലും നോട്ടത്തിലും കാട്ടുപോത്തിനെ ഓർമ്മിപ്പിക്കുന്ന മോഡിജിയെതന്നെ ആനയിച്ചു കൊണ്ടുവന്നു. ഇതെല്ലാം അദ്ദേഹം ഒറ്റയ്ക്ക് അനുഭവിച്ചു എന്നു വിചാരിക്കരുത്. മകനേയും ഭാര്യയേയും അളിയനേയുമൊന്നും ഈ ചരിത്രദൗത്യത്തിൽനിന്നും മാറിനിൽക്കാൻ അദ്ദേഹം അനുവദിച്ചില്ല. സ്വന്തം കുടുംബത്തെ മുഴുവനായും അദ്ദേഹം രാഷ്ട്രത്തിനായി സമർപ്പിച്ചു. അങ്ങനെയാണ് അദ്ദേഹത്തിന്റെ ജീവിതവും ഒരു സന്ദേശമായി മാറിയത്.

മാലിന്യങ്ങളിൽനിന്ന് ചരിത്രം സൃഷ്ടിച്ചെടുക്കുന്ന ഒരു പ്രസ്ഥാനത്തോടൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് മാലിന്യക്കുഴലിൽ ഇറങ്ങി നൗഷാദ് ജീവൻ നഷ്ടപ്പെടുത്തിയെന്ന വാർത്ത കേൾക്കുന്നത്. ദേഷ്യം വരാതിരിക്കുമോ? ദേഷ്യം വെള്ളാപ്പള്ളിക്കുമാത്രമല്ല, വിഴുപ്പിന്റെ വിലയറിഞ്ഞവർക്കൊക്കെ അതു തന്നെയായിരുന്നു സ്ഥിതി. മാൻഹോളിൽ അകപ്പെട്ടവരെ രക്ഷപ്പെടുത്താൻ മുണ്ടോ കയറോ ഇട്ടുകൊടുക്കാതെ സ്വന്തം ജീവൻ ഇട്ടുകൊടുത്തത് വിഡ്ഢിത്തം തന്നെയെന്നാണ് ശശികലടീച്ചർ ദംശിച്ചിടത്ത് തെളിഞ്ഞുകണ്ടത്. കേരള വിമോചനയാത്ര നടത്തുന്ന കുമ്മനം രാജശേഖരനും യാത്രയെക്കുറിച്ച് എഴുതിയ കുറിപ്പിൽ 'ദുരിതാശ്വാസനിധി വിതരണം ചെയ്യുമ്പോൾപോലും ജാതിയും മതവും നോക്കുന്നവർ' എന്ന് കുറ്റപ്പെടുത്തി. ക്ഷേത്ര സംരക്ഷണ സമിതിയിൽനിന്നും സംസ്ഥാന അദ്ധ്യക്ഷ പദവിയിലെത്തിയ അദ്ദേഹത്തോളം ജീർണ്ണതയുടെ വിലയറിയുന്നവർ ആരുണ്ട്? ക്ഷേത്രക്ഷേമപ്രവർത്തനം യഥാർത്ഥത്തിൽ ജീർണ്ണോദ്ധാരണ പ്രവർത്തനം തന്നെയാണല്ലോ.

വിഴുപ്പിന്റെ ഘോഷയാത്രകളിൽ കൂടെക്കൂടുന്നവരെല്ലാം അനുയോജ്യരായ വ്യക്തിത്വങ്ങൾ തന്നെയാണ്. വെള്ളാപ്പള്ളി നടത്തിയ കേരളയാത്ര എറണാകുളത്തെത്തിയപ്പോൾ സ്വീകരണയോഗങ്ങളിൽ ആശംസാപ്രസംഗത്തിന് ജഢാധാരിയായ ഒരു സന്ന്യാസിവര്യനും ഉണ്ടായിരുന്നു. പ്രസംഗത്തിൽ 'നടേശേട്ടൻ, നടേശേട്ടൻ' എന്നു പറഞ്ഞുകൊണ്ടിരുന്ന അദ്ദേഹം തുഷാർ വെള്ളാപ്പള്ളിയേയും ആവോളം വാഴ്ത്തിക്കൊണ്ടിരുന്നു. ഈ യാത്രയെ എതിർക്കുന്നവരെ എന്തുചെയ്യണമെന്ന് അദ്ദേഹം പറഞ്ഞത് ഇവിടെ എഴുതാൻ കൊള്ളില്ല. അത്രയും വിഴുപ്പ് താങ്ങാനുള്ള ശേഷി ഈ പ്രസിദ്ധീകരണത്തിന് ഉണ്ടെന്ന് തോന്നുന്നില്ല. ജഢാധാരിയായ സംയമിയുടെ വക്ത്രത്തിൽനിന്നുതിർന്നുവീണ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ പൂർവ്വാശ്രമം അറിയാവുന്ന ഒരാൾ പറഞ്ഞത് അവൻ അങ്ങിനെ പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ എന്നാണ്. അതിനെ സാധൂകരിക്കാനായി അദ്ദേഹം സംയമിയുടെ പൂർവ്വാശ്രമത്തെപ്പറ്റി പറഞ്ഞുതന്നു. വൈപ്പിൻ മുളവുകാട് പോലുള്ള ദ്വീപസമൂഹങ്ങളിൽ വെളിക്കിരിക്കുന്നത് കൈത്തോടുകളിലേക്കാണ്. വീടുകളുടെ പിൻഭാഗത്ത് കൈത്തോടുകളിലേക്ക് കെട്ടിയിറക്കിയ ഓലമറകളാണ് അവിടുത്തെ ശൗചാലയങ്ങൾ. സാധാരണ മനുഷ്യരാരും ആ വെള്ളച്ചാലിലേക്ക്

➪ സംയമനം അദ്ദേഹത്തിന് ചെറുപ്പം മുതലേയുള്ള ശീലമാണെന്നാണ് നാട്ടുകാരുടെ പക്ഷം ➪



അതങ്ങിനെത്തന്നെയാകട്ടെ. അപ്പോൾ സ്വാഭാവികമായും ഒരു സംശയം ഉയരാം, എവിടെ ചെവി ചേർത്ത് വച്ചതിന്റെ ഫലമായിട്ടായിരിക്കാം അദ്ദേഹം എപ്പോഴും 'ഷിറ്റ്' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്?

ഇറങ്ങുകപോലും പതിവില്ല. ഈ ചാലുകളിൽ കാണപ്പെടുന്ന ഫിലോപ്പി എന്ന മത്സ്യത്തെ മലം ഭക്ഷിക്കുന്നു എന്ന കാരണത്താൽ അധികംപേരും ഉപയോഗിക്കാറില്ല. വെളിക്കിരിക്കാൻ വരുന്ന സ്ത്രീകളുടെ നഗ്നത ഒളിഞ്ഞുകാണാൻവേണ്ടി മലീമസമായ ഈ വെള്ളച്ചാലിൽ കഴുത്തൊപ്പം മണിക്കൂറുകളോളം മുങ്ങിക്കിടക്കാറുള്ളയാളാണത്രെ ഈ വിരുതൻ! സംയമനം അദ്ദേഹത്തിന് ചെറുപ്പം മുതലേയുള്ള ശീലമാണെന്നാണ് നാട്ടുകാരുടെ പക്ഷം.

കുമ്മനം നടത്തുന്ന കേരളവിമോചനയാത്രയിലും ഇതുപോലൊരെണ്ണം ഉണ്ടായിരുന്നു. വിമോചനയാത്രയുടെ ഉദ്ഘാടനസമ്മേളനത്തിൽ വിശിഷ്ടാതിഥിയായി എത്തിയത്. എൻ.എഫ്.ഡി.സിയുടെ കസേര മോഹിച്ച് നടക്കുന്ന നടൻ സുരേഷ്ഗോപിയാണ്. മാലിന്യവും വിഴുപ്പും വാഴുന്നിടത്ത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനിവാര്യമാണ്. കേവലം 'ഷിറ്റ്' എന്ന ഒറ്റവാക്കുകൊണ്ട് അറിയപ്പെടുന്ന ഒരേയൊരു വ്യക്തി ലോകത്ത് സുരേഷ്ഗോപി മാത്രമായിരിക്കും. അമേരിക്കയിൽവെച്ച് അവിടത്തെ മലയാളികളുടെ സംഘടന നടത്തിയ കലാപരിപാടികൾ കുറേക്കാലം മുമ്പ് ഒരു ചാനലിൽ കാണിച്ചിരുന്നു. സ്റ്റേജിൽ വെച്ച് കുട്ടികൾ സുരേഷ്ഗോപിയെ അനുകരിച്ച് കാണിക്കുന്ന പരിപാടിയും ഉണ്ടായിരുന്നു. എല്ലാവരും ചൂണ്ടുവിരൽ ഉയർത്തിക്കൊണ്ട് 'ഷിറ്റ്' എന്ന് പറയുന്നു. സദസ്സ് ആർത്തു ചിരിക്കുന്നു. നല്ല തണ്ടും തടിയുമുള്ള ഒരു മനുഷ്യൻ പരസ്യമായി ഇങ്ങനെ അവഹേളനാപാത്രമാകുന്നല്ലോ എന്നോർത്ത് വിഷമിച്ചിരിക്കുമ്പോഴാണ് സാക്ഷാൽ സുരേഷ്ഗോപി അണിയറയിൽനിന്ന് പ്രവേശിച്ചത്. ഇങ്ങിനെയൊന്നുമല്ല കാണിക്കേണ്ടത് എന്നു പറഞ്ഞ് അദ്ദേഹം തന്റേതായ 'ഷിറ്റ്' ഓഡിയൻസിന് കാണിച്ചുകൊടുത്തു. ഓഡിയൻസ് തലയറഞ്ഞ് ചിരിക്കുന്നതും കൂടി കണ്ടപ്പോൾ കരയാനോ ചിരിക്കാനോ പറ്റാത്ത അവസ്ഥയിലായിപ്പോയി. കഷ്ടിച്ച് സംസാരിക്കാൻ തുടങ്ങുന്ന കുട്ടിയെക്കൊണ്ട് വിരുന്നുമുറികളിലും അതിഥികൾക്ക് മുന്നിലും മലയാളി ഇന്ന് ചെയ്യിക്കുന്നത് സുരേഷ്ഗോപിയെ അനുകരിച്ച് കാണിക്കലാണ്. പുറത്തേക്ക് കളയേണ്ട മാലിന്യം കിരീടംപോലെ അദ്ദേഹം അഭിമാനപൂർവ്വം കൊണ്ടുനടക്കുകയാണ്. പ്രസംഗവേദികളിലും ഞാൻ കോടീശ്വരൻ പോലുള്ള പ്രോഗ്രാമുകൾ ചെയ്യുമ്പോഴും തനിക്ക് വാക്കുകൾ എവിടെനിന്നെന്നറിയാതെ അനർഗ്ഗളം പ്രവഹിക്കുന്ന ഒരവസ്ഥ ഉണ്ടെന്ന് സുരേഷ്ഗോപി ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. അതിന് കാരണമായി അദ്ദേഹം പറഞ്ഞത്, മരിക്കുന്നതിന് രണ്ടുനാൾ മുമ്പ് സുകുമാർ അഴീക്കോടിനെ ആസ്പത്രിയിൽ ചെന്ന് കണ്ടിരുന്നുവെന്നും അദ്ദേഹം തന്റെ തല സ്വന്തം തലയോട് ചേർത്ത് അരമണിക്കൂറോളം പിടിച്ചെന്നും അപ്പോൾ ആ തലയിലുള്ള എന്തൊക്കെയോ ഈ തലയിലേക്ക് പകർന്നിട്ടുണ്ടെന്ന് താൻ വിശ്വസിക്കുന്നെന്നുമാണ്. അതങ്ങിനെത്തന്നെയാകട്ടെ. അപ്പോൾ സ്വാഭാവികമായും ഒരു സംശയം ഉയരാം, എവിടെ ചെവി ചേർത്ത് വച്ചതിന്റെ ഫലമായിട്ടായിരിക്കാം അദ്ദേഹം എപ്പോഴും 'ഷിറ്റ്' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്?

ഭൂതകാലം വലിച്ച് പുറത്തിട്ട് അതിന്റെ അവശിഷ്ടങ്ങൾ ഭക്ഷിച്ച് ജീവിക്കുന്ന നാട്ടിൽ നടക്കുന്ന യാത്രകളിൽ മലത്തെപ്പറ്റി പറയുന്ന നടനും മലത്തിൽ കഴുത്തറ്റം മുങ്ങിക്കിടക്കുന്ന സന്ന്യാസിയുമല്ലാതെ വേറെയാരെയാണ് ഈ കുമ്മുന്ന (ദുർഗന്ധം വമിക്കുന്ന) കാലം പ്രതീക്ഷിക്കേണ്ടത്? ■